**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 38100/FC C-5/2022/FCC S തീയതി: 17.10.2024

പ്രിയദർശിനി ഹിൽസ്

Draft #22 of File 38100/FC C-5/2022/FCC S Approved by Registrar on 17-Oct-2024 08:01 AM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

## പരിപത്രം

വിഷയം:- ആദായനികുതി വാർഷിക കണക്കുകളുടെ സമർപ്പണം (അന്തിമം) 2024 - 2025 -വരുമാന സ്രോതസ്സിൽ നിന്നും നികുതി കിഴിവുകൾ നടത്തുന്നത് -സംബന്ധിച്ച്

സൂചന :- ആദായനികുതി വാർഷിക കണക്കുകളുടെ സമർപ്പണം (പ്രതീക്ഷിതം)-വരുമാന സ്രോതസ്സിൽ നിന്നും നികുതി കിഴിവുകൾ നടത്തുന്നത് സംബന്ധിച്ച 10 .03.2024 തീയതിയിലെ പരിപത്രം നമ്പർ 38100/FCC-5/2022/FCC S

മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിലെ സ്ഥിരം തസ്തികയിൽ ജോലി ചെയ്യുന്ന മുഴുവൻ അധ്യാപക-അനധ്യാപക ജീവനക്കാരും നടപ്പ് സാമ്പത്തിക വർഷത്തിലെ അവരുടെ വരുമാനത്തിന്റെയും കരമൊഴിവായ നിക്ഷേപങ്ങളുടെയും കണക്കുകൾ 2024 നവംബർ 15 ന് മുൻപായി എഫ് സി സി സെക്ഷനിൽ സമർപ്പിക്കേണ്ടതാണ്. ഈ കണക്കുകളോടൊപ്പം താഴെ പറയുന്ന വിവരങ്ങൾ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതാകുന്നു .

1. 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെ ലഭിച്ചതും ലഭിക്കാനിടയുള്ളതുമായ ശമ്പള വരുമാനം ഉൾപ്പെടെയുള്ള അകെ തുക .
2. ആർജ്ജിതാവധി സമർപ്പണത്തിലൂടെ 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെ ലഭിച്ചതും ലഭിക്കാനിടയുള്ളതുമായ തുക.
3. പി എഫ് അക്കൗണ്ടിൽ നിക്ഷേപിക്കപ്പെടുന്ന അഞ്ചു ലക്ഷത്തിനു മേൽ വരുന്ന തുകയുടെ പലിശ.
4. മറ്റേതെങ്കിലും ഇനത്തിൽ ശമ്പളമായോ കുടിശ്ശികയായോ ലഭിച്ച തുക.

ആദായ നികുതി വിവരങ്ങളുടെ സമർപ്പണവുമായി ബന്ധപ്പെട്ടു പാലിക്കേണ്ട മറ്റു നിബന്ധനകൾ.

1. എല്ലാ ജീവനക്കാർക്കും നിർബന്ധമായും PAN ഉണ്ടായിരിക്കേണ്ടതാണ്. നാളിതുവരെ PAN ന്റെ പകർപ്പ് എഫ്.സി.സി, അക്കൗണ്ട്സ് III എന്നീ സെക്ഷനുകളിൽ സമർപ്പിക്കാത്തവരിൽ നിന്നും ആദായനികുതി നിയമം 206 AA വകുപ്പ് പ്രകാരം ശമ്പളത്തിന്റെ 20%, ആദായ നികുതി ഇനത്തിൽ സ്വമേധയാ കിഴിവ് വരുത്തുന്നതായിരിക്കും.
2. ആദായനികുതി കിഴിവിലേക്കായി സമർപ്പിക്കുന്ന കണക്കുകൾ നിർബന്ധമായും നിയമപരമായി അംഗീകരിച്ചതും അംഗീകരിക്കാവുന്നതുമായ രേഖകളോടൊപ്പം ആയിരിക്കണം. ഏതെങ്കിലും കാരണവശാൽ രേഖകൾ സമർപ്പിക്കാൻ സാവകാശം വേണ്ടവർ ആയതു അക്കമിട്ടു രേഖപ്പെടുത്തി പ്രത്യേകമായി സമർപ്പണം നൽകേണ്ടതാണ്.
3. ഭവന നിർമാണ വായ്പാ കിഴിവുകൾ ആവശ്യമുള്ളവർ അംഗീകൃത വായ്പകളുടെ തിരിച്ചടവിന്റെയും, പലിശയുടെയും വേർതിരിച്ച കണക്കുകൾ വായ്പ നൽകിയ സ്ഥാപനത്തിൽനിന്നും വാങ്ങി നികുതി കണക്കുകളോടൊപ്പം സമർപ്പിക്കേണ്ടതാണ്. നികുതിദായകന് ഗൃഹത്തിന്റെ മേലുള്ള അവകാശം സ്ഥാപിക്കുന്നതിനുള്ള രേഖകളും **(തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ ഒടുക്കിയ കെട്ടിട നികുതിയുടെ രശീതി പകർപ്പ്/പൂർത്തീകരണ സാക്ഷ്യ പത്രം)**ഇതിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. വായ്പ നൽകിയ സ്ഥാപനത്തിന്റെ വിവരങ്ങൾ PAN സഹിതം കണക്കുകളോടൊപ്പം നിർബന്ധമായും നൽകേണ്ടതാണ്.
4. **നിർദ്ദിഷ്ട തീയതിക്ക് മുമ്പായി അന്തിമ ആദായ നികുതി കണക്കുകളുടെ സമർപ്പണം നടത്താത്തവരുടെയും അനുബന്ധ രേഖകൾ സമർപ്പിക്കാത്തവരുടെയും ശമ്പളം 2025 ജനുവരി മാസം**

**മുതൽ താത് കാലികമായി തടഞ്ഞു വെക്കുന്നതായിരിക്കും.**

5. ജീവനക്കാർ സർവ്വകലാശാലയിൽ സമർപ്പിക്കുന്ന അന്തിമ ആദായ നികുതി സ്റ്റേറ്റ്മെന്റിലെ വിവരങ്ങൾ മാത്രം അടിസ്ഥാനപ്പെടുത്തിയാണ് ഫോം 16 (TDS സർട്ടിഫിക്കറ്റ് ) തയ്യാറാക്കി നൽകുന്നത്. മറ്റു സ്രോതസ്സുകളിൽ നിന്നും വരുമാനം (ബാങ്ക് / ട്രഷറി / KSFE പലിശ ,മറ്റു സ്ഥാപനങ്ങളിൽ നിന്നും ശമ്പളം, ഓണറേറിയം) ലഭിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത തുക കൂടി ചേർത്തുള്ള ആകെ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ കണക്കാക്കിയിട്ടുള്ള നികുതിയായിരിക്കും ആദായ നികുതി റിട്ടേൺ ഫയലിംഗ് പോർട്ടലിൽ കാണപ്പെടുന്നത്. ഇതിൽ നിന്നും കിഴിവ് ചെയ്ത നികുതി ഒഴിച്ച് പോർട്ടലിൽ കണക്കാക്കിയിട്ടുള്ളത് പ്രകാരമുള്ള ബാക്കി നികുതി തുക റിട്ടേൺ ഫയലിംഗ് നടത്തുന്ന അവസരത്തിൽ 'Balance Amount' ആയി അടക്കേണ്ടതാണ് .
6. നികുതി ദായകർ, അവരവരുടെ നികുതി സമർപ്പണത്തിന്റെ കണക്കുകൾ ആവശ്യമുള്ള പക്ഷം ആദായ നികുതി വകുപ്പിന്റെ വെബ് സൈറ്റിൽ ഒത്തു നോക്കേണ്ടതാണ് -Form 26AS,AIS(www.incometax.gov.in).സംശയങ്ങൾ ഉള്ളപക്ഷം അക്കൗണ്ട്സ് III സെക്ഷനുമായി ബന്ധപ്പെട്ട സംശയനിവൃത്തി വരുത്തേണ്ടതാണ്. ഓരോ നികുതി ദായകന്റെയും നികുതി കിഴിവിന്റെ വിവരങ്ങൾ എല്ലാ 3 മാസത്തിലും ആദായ നികുതി വകുപ്പ് അറിയിക്കുന്നതിനാൽ ആയതു ഒത്തു നോക്കി കൃത്യത ഉറപ്പു വരുത്തേണ്ടതാണ്.
7. ആദായ നികുതി വകുപ്പ് രണ്ടു രീതിയിൽ കണക്കുകൾ സമർപ്പിക്കുവാൻ അനുവാദം നൽകിയിട്ടുണ്ട്. 1) 2019 ഫിനാൻസ് ആക്ട് പ്രകാരം . 2) 2020 ഫിനാൻസ് ആക്ട് പ്രകാരം (Rule 115 BAC). എല്ലാ ജീവനക്കാരും ഇതിൽ ഏതെങ്കിലും ഒന്ന് മാത്രം തിരഞ്ഞെടുക്കേണ്ടതും അതിനായുള്ള പ്രത്യേക സാക്ഷ്യപത്രത്തിൽ മാത്രം കണക്കുകൾ നൽകേണ്ടതുമാണ്. സാക്ഷ്യ പത്രങ്ങളുടെ പകർപ്പ് എം ജി യൂണിവേഴ്സിറ്റി വെബ് സൈറ്റിൽ ലഭ്യമാണ് (www.mgu.ac.in). **സാക്ഷ്യപത്രത്തിന്റെ രണ്ടാം ഷീറ്റിലേ വിവരങ്ങൾ നിർബന്ധമായും ആദ്യം തന്നെ പൂരിപ്പിക്കാൻ ശ്രദ്ധിക്കുക. കണക്കുകളുടെ കൃത്യത ഉറപ്പു വരുത്തുന്നതിന് ഇത് അത്യന്താപേക്ഷിതമാണ്.**

**ഡോ.ബിസ്മി ഗോപാലകൃഷ്ണൻ**

രജിസ്ട്രാർ

സ്വീകർത്താവ്

ഫിനാൻസ് ഓഫീസർ /സെക്ഷനുകൾ / സ്കൂളുകൾ / ഡിപ്പാർട്മെന്റുകൾ / എല്ലാ ജീവനക്കാരും

Draft #22 of File 38100/FC C-5/2022/FCC S Approved by Registrar on 17-Oct-2024 08:01 AM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം